## 2. നബിമാരുടെ പ്രബോധനം

ഭൂമുഖത്ത് ആഗതരായ മുഴുവൻ നബിമാരുടെയും ദൗത്യം ജനങ്ങളെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുകയായിരുന്നു. നൂഹ്, ഇബ്‌റാഹീം, മൂസാ, ഈസാ, മുഹമ്മദ് തുടങ്ങിയവരെല്ലാം ഒരേ പ്രബോധനമാണ് നടത്തിയത്. പ്രവാചകൻമാരുടെ പ്രബോധന ചരിത്രം ഖുർആൻ ഒട്ടേറെ സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

### (i) നൂഹ്നബി

പ്രഥമ മനുഷ്യനായ ആദമിനെ ഭൂമിയിലേക്ക് നിയോഗിക്കുമ്പോൾ തന്നെ ദൈവിക മാർഗദർശനമായ ഇസ്‌ലാം അല്ലാഹു അദ്ദേഹത്തിന് നല്കിയിരുന്നു. അതിനാൽ ആദമിൽനിന്ന് ഉദ്ഭവംകൊണ്ട മനുഷ്യസമൂഹം തുടക്കത്തിൽ ആദർശ-കർമാദികളിലെല്ലാം പൂർണമായും ഇസ്‌ലാം സ്വീകരിച്ച ഒരൊറ്റ സമുദായമായിരുന്നു. ഇബ്നുഅബ്ബാസിന്റെ ഒരു നിവേദനമനുസരിച്ച്, ആദമിന് ശേഷം 10 തലമുറ ഇസ്‌ലാമിൽ അടിയുറച്ച് നിന്നു. അവർ ക്രമേണ പിശാചിന്റെയും ദേഹേഛകളുടെയും പ്രേരണകൾക്ക് വശംവദരായി. സ്വാർഥികളും ഭിന്ന കക്ഷികളുമായിത്തീരുകയും ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകന്നു പോവുകയും ചെയ്തു. തങ്ങളുടെ കൂട്ടത്തിൽനിന്ന് മരിച്ചുപോയ മഹത്തുക്കളുടെ പേരിൽ വിഗ്രഹങ്ങൾ ഉണ്ടാക്കുകയും അവരെ ആരാധിക്കാൻ തുടങ്ങുകയും ചെയ്തു. ഇങ്ങനെ വിശ്വാസപരമായും കർമപരമായും ആദം സന്തതികൾ ദുഷിച്ചപ്പോൾ അവരെ സത്യത്തിലേക്ക് അഥവാ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യാൻ അല്ലാഹു ഭൂമുഖത്ത് നിയോഗിച്ച ആദ്യത്തെ പ്രവാചകനാണ് നൂഹ്നബി.

ഇന്ന് ഇറാഖ് എന്നറിയപ്പെടുന്ന സ്ഥലത്താണ് നൂഹ്നബി നിയോഗിക്കപ്പെട്ടത്. വിഗ്രഹാരാധനയായിരുന്നു ആദർശരംഗത്ത് നൂഹിന്റെ ജനത അകപ്പെട്ട ഏറ്റവും വലിയ മാർഗഭ്രംശം. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്ർ എന്നീ പേരുകളിലുള്ള വിഗ്രഹങ്ങളെ ആ ജനത ആരാധിച്ചിരുന്നു. അതിനാൽ നൂഹ് തന്റെ പ്രബോധനത്തിന്റെ പ്രഥമ ലക്ഷ്യമായി സ്വീകരിച്ചത് സമൂഹത്തെ ബഹുദൈവത്വത്തിൽനിന്ന് രക്ഷപ്പെടുത്തി അല്ലാഹുവിന് മാത്രം ഇബാദത് ചെയ്യുന്നവരാക്കി മാറ്റുക എന്നതിലായിരുന്നു. നൂഹിന്റെ പ്രബോധനത്തെക്കുറിച്ച് ഖുർആൻ പറയുന്നത് കാണുക: ''നിന്റെ ജനത്തിൽ വേദനയേറിയ ശിക്ഷ വന്നെത്തുന്നതിനു മുമ്പായി അവർക്ക് മുന്നറിയിപ്പ് നല്കുക (എന്ന സന്ദേശവുമായി) നൂഹിനെ നാം അദ്ദേഹത്തിന്റെ ജനങ്ങളിലേക്ക് നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: 'എന്റെ ജനമേ, ഞാൻ നിങ്ങൾക്ക് ഒരു തെളിഞ്ഞ മുന്നറിയിപ്പുകാരനാകുന്നു. അല്ലാഹുവിന് ഇബാദത് ചെയ്യണമെന്നും അവനെ സൂക്ഷിച്ച് ജീവിക്കണമെന്നും എന്നെ അനുസരിക്കണമെന്നും (ഞാൻ നിങ്ങളോടുണർത്തുന്നു). അവൻ നിങ്ങൾക്ക് പാപങ്ങൾ പൊറുത്തു തരുന്നതും ഒരു നിശ്ചിത അവധി വരെ നിങ്ങളെ ശേഷിപ്പിക്കുന്നതുമാകുന്നു. അല്ലാഹു നിശ്ചയിച്ച അവധി വന്നെത്തിയാൽ പിന്നെ പിന്തിക്കപ്പെടുകയില്ല. നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ''(നൂഹ് 1-4). മറ്റൊരിടത്ത് ഇപ്രകാരം കാണാം: ''നൂഹിനെ തന്റെ ജനതയിലേക്ക് നാം നിയോഗിച്ചു. അദ്ദേഹം അവരോട് പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പ് നല്കുന്നവനാണ്. അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. വേദനാജനകമായ ഒരു നാളിലെ ശിക്ഷ നിങ്ങളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു''(11: 25-26).

നൂഹ്നബിയുടെ പ്രബോധനത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം, തന്റെ ജനതയെ ബാധിച്ച സാമൂഹിക ജീർണതയിൽനിന്ന് അവരെ ശുദ്ധീകരിക്കുക എന്നതായിരുന്നു. കടുത്ത സാമൂഹികാസമത്വവും ഉച്ചനീചത്വവും നിലനിന്നിരുന്ന ഒരു സമൂഹമായിരുന്നു നൂഹിന്റേത്. മതപരവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ അധികാരങ്ങളും കൈയടക്കിവെച്ചിരുന്നത് ഒരുപിടി പ്രമാണിമാരായിരുന്നു. സാധാരണ ജനങ്ങളുടെ മേൽ പരമാധികാരം വാണിരുന്ന ഈ വർഗമാണ് എല്ലാവിധ അക്രമങ്ങളും അനീതികളും അധർമങ്ങളും അഴിച്ചുവിട്ടിരുന്നത്. സത്യപ്രബോധന മാർഗത്തിൽ വിഘ്നാതം സൃഷ്ടിച്ചതും ദൈവദൂതനെ കഠിനമായി എതിർത്തവരും അവരായിരുന്നു. അതേസമയം നൂഹ്നബിയുടെ പ്രബോധനത്തിൽ ആകൃഷ്ടരായവരും അദ്ദേഹത്തെ അനുഗമിച്ചവരും പ്രമാണിവർഗത്തിന്റെ അടിച്ചമർത്തലിന് വിധേയരായിരുന്ന പാവങ്ങളായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അധഃസ്ഥിതാവസ്ഥയിൽനിന്നുള്ള മോചനം കൂടിയായിരുന്നു ഇസ്‌ലാം. എന്നാൽ ഈ അധഃസ്ഥിത വിഭാഗം കൂടെയുള്ള കാലത്തോളം നൂഹ്നബിയെ അനുഗമിക്കാൻ സാധ്യമല്ലാ എന്ന നിലപാടായിരുന്നു പ്രമാണിമാർക്ക്. അവർ അക്കാര്യം അദ്ദേഹത്തോട് പറയുകയും ചെയ്തു. ''ഏറ്റവും അധഃസ്ഥിതിയിലുള്ള ആളുകൾ നിന്നെ പിന്തുടർന്നുകൊണ്ടിരിക്കെ ഞങ്ങളെങ്ങനെയാണ് നിന്നെ വിശ്വസിക്കുക'' (അശ്ശുഅറാഅ് 111). എന്നാൽ ഈ പ്രമാണിവർഗത്തിന്റെ പ്രീതി നേടാൻ വേണ്ടി തന്നോടൊപ്പമുള്ള പാവപ്പെട്ട വിശ്വാസികളെ ഉപേക്ഷിക്കാൻ നൂഹ് തയ്യാറായില്ല. അദ്ദേഹമത് ശക്തമായ ഭാഷയിൽ തന്നെ അവരെ അറിയിക്കുകയും ചെയ്തു. ''എന്തായാലും വിശ്വസിച്ചവരെ ഞാൻ ആട്ടിയകറ്റുകയില്ല.''(അശ്ശുഅറാഅ് 114).

അസാധാരണമായ ക്ഷമാശീലവും അർപ്പണ ബോധവും ത്യാഗസന്നദ്ധതയും ഒത്തിണങ്ങിയിരുന്ന നൂഹ് തന്റെ ജനതയെ രാപകൽ ഭേദമില്ലാതെ സത്യത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. പക്ഷേ, അതൊന്നും അവരിലൊരു പരിവർത്തനവും സൃഷ്ടിച്ചില്ല. അവർ തങ്ങളുടെ ധിക്കാരത്തിലും അഹങ്കാരത്തിലും ഉറച്ചുനില്ക്കുകയാണുണ്ടായത്. ഖുർആൻ പറയുന്നു: ''നൂഹ് പറഞ്ഞു: നാഥാ, എന്റെ ജനതയെ ഞാൻ രാപകൽ ഭേദമില്ലാതെ പ്രബോധനം ചെയ്തുകൊണ്ടിരുന്നു. എന്നാൽ എന്റെ പ്രബോധനം അവരെ കൂടുതൽ അകറ്റുക മാത്രമാണ് ചെയ്തത്. അവരുടെ പാപങ്ങൾ നീ പൊറുത്തുകൊടുക്കാനായി ഞാനവരെ ക്ഷണിച്ചപ്പോഴെല്ലാം അത് കേൾക്കാൻ സന്നദ്ധമാവാതെ തങ്ങളുടെ ചെവിയിൽ വിരലുകൾ തിരുകുകയും മുഖം വസ്ത്രംകൊണ്ടു മൂടുകയും ധിക്കാരത്തിലുറച്ച് നില്ക്കുകയും അങ്ങേയറ്റത്തെ അഹങ്കാരം നടിക്കുകയുമാണവർ ചെയ്തത്. പിന്നീട് ഞാനവരെ വളരെ ഉച്ചത്തിൽ വിളിച്ചു. പരസ്യമായും രഹസ്യമായും പ്രബോധനം ചെയ്തു.''(നൂഹ് 5-9).

തുടർന്ന്, അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങി, അവന്റെ സന്മാർഗം അംഗീകരിക്കാൻ തയ്യാറായാൽ ലഭിക്കുന്ന ഐഹിക നേട്ടങ്ങളെക്കുറിച്ചും നൂഹ് തന്റെ ജനതക്ക് വിശദീകരിച്ചുകൊടുത്തു. എങ്കിലും നന്നെ ചെറിയ ഒരു സംഘം മാത്രമേ അദ്ദേഹത്തെ അംഗീകരിച്ചുള്ളൂ. അധികപേരും അദ്ദേഹത്തെ കളവാക്കുകയും നിഷേധിക്കുകയുമാണുണ്ടായത്.

തങ്ങളുടെ മേല്ക്കോയ്മയും പദവിയും പോകുമെന്ന് ഭയപ്പെട്ടിരുന്ന പ്രമാണിവർഗം നൂഹ്നബിയുടെ പ്രബോധന ലക്ഷ്യം സ്ഥാനമാനങ്ങളാണെന്ന് പ്രചരിപ്പിച്ചിരുന്നു. അതിനാൽ, തന്റെ പ്രബോധനത്തിന്റെ പേരിൽ ഒരുവിധ ഭൗതിക നേട്ടങ്ങളും താൻ പ്രതീക്ഷിക്കുന്നില്ലെന്ന വസ്തുത അദ്ദേഹം തന്റെ പ്രബോധിതരെ അറിയിക്കുകയുണ്ടായി. (ഹൂദ് 29)

950 വർഷക്കാലം നൂഹ് തന്റെ ദൗത്യം തുടർന്നു. അങ്ങനെ തന്റെ ജനതക്ക് ദൈവിക സന്മാർഗം എത്തിച്ചുകൊടുക്കുകയെന്ന ബാധ്യത പൂർത്തീകരിച്ചു. അതോടെ അവരുടെ സന്മാർഗ സ്വീകരണത്തെ സംബന്ധിച്ച സകല പ്രതീക്ഷകളും അവസാനിച്ചു. അല്ലാഹു തന്നെ അക്കാര്യം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു: ''നൂഹിന് നാം സന്ദേശം നല്കി: നേരത്തെ വിശ്വസിച്ചവരല്ലാതെ നിന്റെ സമുദായത്തിൽ ഇനി ആരും വിശ്വസിക്കുകയില്ല. അതിനാൽ അവരുടെ ചെയ്തികളിൽ നീ നിരാശനാവരുത്''(ഹൂദ് 36). ഇക്കാര്യം സ്വന്തം അനുഭവങ്ങളിലൂടെ നൂഹ്നബി നല്ലപോലെ മനസ്സിലാക്കിയിരുന്നു. വളരുന്ന തലമുറയെ സംബന്ധിച്ച് പോലും അദ്ദേഹത്തിന് പ്രതീക്ഷയുണ്ടായിരുന്നില്ല. അതിനാൽ അല്ലാഹുവോട് രക്ഷ തേടുകയും സത്യനിഷേധികളെ നശിപ്പിക്കാൻ അവനോട് പ്രാർഥിക്കുകയും ചെയ്തു: ''എന്റെ ജനത എന്നെ കളവാക്കിയിരിക്കുന്നു. അതിനാൽ എനിക്കും അവർക്കുമിടയിൽ നീ വ്യക്തമായ വിധി കല്പിക്കേണമേ. എന്നെയും എന്നോടൊപ്പമുള്ള സത്യവിശ്വാസികളെയും രക്ഷിക്കുകയും ചെയ്യേണമേ.''(അശ്ശുഅറാഅ് 117-118).

അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന സ്വീകരിക്കുകയും വരുംതലമുറകൾക്ക് പാഠമാകുമാറ് ഒരു പ്രളയത്തിലൂടെ അവരെ നശിപ്പിക്കുകയും വിശ്വാസികളെ അതിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.